# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-1873

07-03-2017-ലെ മറുപടിയ്ക്ക്

**പരവൂർ പുറ്റിങ്ങൽ വെടിക്കെട്ട് അപകടം**

| ചോദ്യം<br>ശ്രീ. ജി.എസ്. ജയലാൽ | ഉത്തരം<br>ബഹു.മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ |
|---|---|
| എ)10.04.2016 ൽ നടന്ന പരവൂർ പുറ്റിങ്ങൽ അപകടത്തെത്തുടർന്ന്, ദുരന്തബാധിതർക്ക് ലുലു ഗ്രൂപ്പ് ഉടമ ധനസഹായം പ്രഖ്യാപിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് |
| ബി) ലുലു ഗ്രൂപ്പ് ഉടമ നൽകിയ പ്രസ്തുത തുക ഏത് അക്കൗണ്ടിലാണ് ഇപ്പോൾ നിക്ഷേപിച്ചിട്ടുള്ളതെന്നും എത്ര രൂപയാണ് അക്കൗണ്ടിലുള്ളതെന്നും വ്യക്തമാക്കാമോ; | Special Treasury Saving Bank അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.<br>Account No.799011400000012<br>2,58,78,123/- (രണ്ട് കോടി അൻപത്തെട്ട് ലക്ഷത്തി എഴുപത്തെണ്ണായിരത്തി നൂറ്റി ഇരുപത്തിമൂന്ന് രൂപ) |
| സി)പ്രസ്തുത തുക എത്രയും വേഗം പുറ്റിംഗൽ ദുരന്തബാധിതർക്ക് നൽകണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | പരിശോധിച്ച് മറുപടി നൽകുന്നതാണ്. |

| | |
|---|---|
| ഡി)ദുരന്തബാധിതർക്ക് ലുലു ഗ്രൂപ്പ് നൽകിയ തുക വിതരണം ചെയ്യാൻ എന്ത് തടസ്സമാണ് ഇനി അവശേഷിക്കുന്നത്; ദുരന്തവാർഷികത്തിന് മുൻപ് പ്രസ്തുത തുക വിതരണം ചെയ്യുമോ; വ്യക്തമാക്കാമോ? | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് പുറ്റിങ്ങൽ ദുരന്തവുമായി ബന്ധപ്പെട്ട് ആവശ്യമായ തുക അടിയന്തിര ധനസഹായമായി നൽകിയിട്ടുള്ളതിനാലും, ഈ ഇനത്തിൽ കൂടുതൽ തുക ജില്ലാകളക്ടർമാർ ആവശ്യപ്പെട്ടിട്ടില്ലാത്തതിനാലും, ഈ തുക വിനിയോഗിക്കേണ്ടതായി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ